**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 995** **02-02-2026 - ൽ മറുപടിയ്ക്ക്**

**വനാശ്രിത ആദിവാസി സമൂഹങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാശ്രിത ആദിവാസി സമൂഹങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്താൻ നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വനാശ്രിത ആദിവാസി സമൂഹങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്താൻ വനം വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ ഉന്നമനത്തിനായി 1988-ലെ ദേശീയ വന നയത്തിന്റെ ഭാഗമായി 1998 മുതൽ സംസ്ഥാനത്ത് പങ്കാളിത്ത വന പരിപാലനം (PFM) നടപ്പാക്കി വരുന്നു. വന സംരക്ഷണവും, വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധനവുമാണ് PFM-ന്റെ ലക്ഷ്യങ്ങൾ. നിലവിൽ ഏകദേശം 71503 വനാശ്രിത കുടുംബങ്ങളിലെ (ആദിവാസി കുടുംബങ്ങൾ ഉൾപ്പടെ) ആളുകൾ അംഗങ്ങളായിട്ടുള്ള 427 വന സംരക്ഷണ സമിതികളും (VSS)/ 213 ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികളും (EDC) സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. പങ്കാളിത്ത വന പരിപാലന നടത്തിപ്പിന് കീഴിൽ വനം വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ പ്രാദേശിക വനാശ്രിത സമൂഹങ്ങൾ അംഗങ്ങളായ VSS/EDC-കൾ വഴി നടപ്പാക്കുന്നു.<br><br>2.വനശ്രീ- വനത്തിനുള്ളിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വന വിഭവങ്ങൾ ഇടനിലക്കാരുടെ ചൂഷണങ്ങൾക്ക് വിധേയമാകാതെ നേരിട്ട് വിപണിയിൽ എത്തിക്കുന്നതിനായി ടി പദ്ധതി നടപ്പാക്കുന്നു. 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 82 'വനശ്രീ' യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. വനശ്രീ വിഭവങ്ങളുടെ ഓൺലൈൻ വിൽപ്പനയ്ക്കായി ഒരു വെബ് സൈറ്റും, മൊബൈൽ ആപ്പും നിലവിലുണ്ട്. ടി പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനം വനവകുപ്പ് വനാശ്രിത ഗോത്രസമൂഹത്തിന്റെ ഉന്നമനത്തിനായി ചെലവഴിക്കുന്നു. ‘വനശ്രീ’ പദ്ധതിയിലൂടെ പ്രതിവർഷം ഏകദേശം 2100 വനാശ്രിതർക്കായി ഒന്നേകാൽ |

ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ വനം വകുപ്പിന് സാധിക്കുന്നു. 2024-25 സാമ്പത്തിക വർഷം 8.41 കോടി രൂപയുടെ വനശ്രീ ഉൽപ്പന്നങ്ങളുടെ വിൽപ്പന ഇക്കോഷോപ്പുകൾ വഴി നടത്തിയിട്ടുണ്ട്.

**3. പ്രധാനമന്ത്രി വൻ ധൻ വികാസ് യോജന പദ്ധതി (PMVDVY)** മുഖേന വനാശ്രിത ഗോത്ര സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും, വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നല്കുന്നു. വനം വകുപ്പിന്റെ കീഴിൽ 20 വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ 31 VDVKകൾ സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു. VDVK അംഗങ്ങളായ 8138 വനാശ്രിതർക്കു പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. നാളിതുവരെ 60-ൽ പരം മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തിയതിലൂടെ 50.34 ലക്ഷം രൂപയുടെ വാർഷിക വിറ്റുവരവ് നേടുന്നതിന് വൻ ധൻ വികാസ് കേന്ദ്രകൾക്ക് സാധിച്ചിട്ടുണ്ട്.

4.**പ്രധാൻ മന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ - വൻ ധൻ വികാസ് കേന്ദ്ര (PMJANMAN-VDVK)** എന്ന പദ്ധതി വഴി കാടർ, കുറുമ്പർ, കൊറഗർ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ എന്നിങ്ങനെ 5 പ്രാക്തന ഗോത്ര വിഭാഗങ്ങളെ മാത്രം ഉൾപ്പെടുത്തി അവരുടെ ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമായി പ്രാക്തന ഗോത്ര വിഭാഗ വൻ ധൻ വികാസ് കേന്ദ്രങ്ങൾ (PVTG VDVK) 2023-24 ൽ ആരംഭിച്ചു. ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ ടി വിഭാഗങ്ങൾക്ക് പരിശീലനം, ആവശ്യമായ യന്ത്രങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവുമാണ് ഈ പദ്ധതിയിലൂടെ നൽകുന്നത്. ടി പദ്ധതിയിൽ 537 പ്രാക്തന ഗോത്ര വിഭാഗക്കാരെ ഉൾകൊള്ളിച്ച് 7 വൻ ധൻ വികാസ് കേന്ദ്രങ്ങൾ വയനാട്, പാലക്കാട് ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. ടി വിഭാഗക്കാർ നിർമ്മിക്കുന്ന വന വിഭവങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിലൂടെ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം അവർക്ക് തന്നെ ലഭിക്കുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്തതിലൂടെ 17000/- രൂപയുടെ വാർഷിക വിറ്റുവരവ്

നേടുന്നതിന് ഈ വൻ ധൻ വികാസ് കേന്ദ്രകൾക്ക് സാധിച്ചിട്ടുണ്ട്.

5. **MSP for MFP** പദ്ധതി വഴി കേരളത്തിൽ ഉൾപ്പെട്ട 24 ഇനം ചെറുകിട വന വിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഇത് ആദിവാസികൾ ശേഖരിക്കുന്ന വന വിഭവങ്ങൾക്ക് ന്യായ വില ലഭിക്കുന്നത് ഉറപ്പാക്കുന്നു.

6. **ഗ്രീൻ ഇന്ത്യാ മിഷൻ (GIM)** - വനവിസ്തൃതി വർദ്ധിപ്പിക്കാനും ശോഷിച്ച വനമേഖലയെ പുനഃസ്ഥാപിക്കാനും കാലാവസ്ഥാ വ്യതിയാനം തടയാനുമായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണിത്. രാജ്യത്ത് ദേശീയ വന വൽക്കരണ പരിപാടി (NAP)-യുടെ ഒരു തുടർ പദ്ധതിയായാണ് GIM ആവിഷ്കരിച്ചത്. വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ വനത്തിന്റെ വിസ്തീർണ്ണവും ഗുണനിലവാരവും വർദ്ധിപ്പിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു.

7. **ഇക്കോടൂറിസം** - വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് 'ഇക്കോടൂറിസം' പദ്ധതി വനം വകുപ്പ് നടപ്പാക്കി വരുന്നു. 80 ഇക്കോടൂറിസം കേന്ദ്രങ്ങൾ വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇക്കോടൂറിസം പ്രവർത്തനങ്ങളിലൂടെ 2024-25 സാമ്പത്തിക വർഷം 415551 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. വിവിധ ഇക്കോടൂറിസം കേന്ദ്രങ്ങളിലായി ആദിവാസി വിഭാഗത്തിൽപ്പെട്ട 505 പുരുഷന്മാരും 226 സ്ത്രീകളും ആദിവാസി ഇതര വിഭാഗത്തിൽപ്പെട്ട 734 പുരുഷന്മാരും 707 സ്ത്രീകളും അങ്ങനെ ആകെ 2172 ജീവനക്കാർ ജോലി ചെയ്തു വരുന്നു.

8.വനം വകുപ്പിലെ വിവിധ ജോലികൾക്കായി നിയമിക്കുന്ന ദിവസ വേതന ജീവനക്കാരിൽ പരമാവധി തദ്ദേശീയ ആദിവാസി സമൂഹത്തിലെ അംഗങ്ങളെ ഉൾപ്പെടുത്തി വരുന്നു.

9.ഗോത്ര വിഭാഗകാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ആദിവാസി ഗോത്ര സമൂഹങ്ങളിൽ നിന്നും 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും, 700 പേരെ ഫോറസ്റ്റ് വാച്ചർമാരായും നിയമിച്ചിട്ടുണ്ട്.

10. **സോളാർ ഓൺഗ്രിഡ് അനെർട്ട് പദ്ധതി** - ടി പദ്ധതിയിൽ ആദിവാസി കുടുംബങ്ങൾക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുകയും,

| | | | |
|---|---|---|---|
| | | | ആവശ്യത്തിന് ശേഷം ബാക്കി വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി (KSEB) ഗ്രിഡിലേക്ക് നൽകുന്നു. ഇതിലൂടെ ലഭിക്കുന്ന തുക ആദിവാസി കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗത്തിനായി നൽകി വരികയും ചെയ്യുന്നുണ്ട്.<br><br>11.മറയൂർ വനം ഡിവിഷന് കീഴിൽ ആദിവാസി സമൂഹത്തിനും, തദ്ദേശവാസികളായ ആളുകൾക്കും കുറഞ്ഞ ചിലവിൽ സ്റ്റേഷനറി സാധനങ്ങൾ ലഭ്യമാക്കുന്നതിന് **'ഇല'** എന്ന പേരിൽ ഒരു വിൽപ്പനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആദിവാസികളുടെ പരമ്പരാഗത കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷി തിരികെ കൊണ്ടുവരുന്നതിനായി **'നറുന്ദൂറ്'** എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് 9 ഉന്നതികളിൽ വിവിധയിനം കിഴങ്ങ് വർഗ്ഗങ്ങൾ കൃഷി ചെയ്തു വരുന്നു.<br><br>12.തിരുവനന്തപുരം വന്യജീവി ഡിവിഷന് കീഴിൽ കോട്ടൂർ ABP വനം റെയ്ഞ്ചിന്റെ പരിധിയിൽ വരുന്ന 42 ഹെക്ടർ റബ്ബർ പ്ലാന്റേഷനിൽ നിന്നും റബ്ബർ പാൽ സംഭരണം സംബന്ധിച്ച ജോലികളിൽ 24 ആദിവാസി വിഭാഗക്കാരെ നിയോഗിച്ച് സുസ്ഥിരമായ വരുമാനമാർഗ്ഗം നൽകി വരുന്നുണ്ട്.<br><br>13.വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആദിവാസി യുവതീ/യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലന പരിപാടികളും ഏർപ്പെടുത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ട ആദിവാസി കുടുബങ്ങളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ? | (ബി) | വനം വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ ഏകദേശം 19077 ആദിവാസി കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ